പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 198

11.03.2020- ൽ മറുപടിക്ക്.

## വ്യവസായ വളർച്ചയുടെ തോത് വിലയിരുത്താൻ സർവ്വേ

ചോദ്യം

ശ്രീ. സജി ചെറിയാൻ
ശ്രീ. എ. പ്രദീപ് കുമാർ
ശ്രീ. സി.കെ. ശശീന്ദ്രൻ
ശ്രീ. കെ ബാബു.

മറുപടി

ഇ. പി. ജയരാജൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ വ്യവസായ മേഖലയുടെ പങ്ക് അനുദിനം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ വ്യാവസായിക വളർച്ചയുടെ തോത് വിലയിരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; | (എ) : വ്യാവസായിക വളർച്ചയുടെ തോത് വിലയിരുത്തുന്നതിനായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ സഹായത്തോടെ ഓരോ മാസവും ഇൻഡക്സ് ഓഫ് ഇൻഡസ്ട്രിയൽ പ്രൊഡക്ഷൻ തയ്യാറാക്കി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. |
| (ബി) വ്യവസായ മേഖലയിലെ തൊഴിൽ, നിക്ഷേപം, വളർച്ചാ നിരക്ക് തുടങ്ങിയ സ്ഥിതിവിവരക്കണക്കുകൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും അവ വിശകലനം ചെയ്യുന്നതിനും ആനുവൽ സർവ്വേ ഓഫ് ഇൻഡസ്ട്രീസ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് ; | (ബി) : സംസ്ഥാനത്തെ സംഘടിതമേഖലയിലുൾപ്പെട്ട ഉത്പാദന യൂണിറ്റുകളെ സംബന്ധിച്ച വിവരങ്ങളാണ് ആനുവൽ സർവ്വെ ഓഫ് ഇൻഡസ്ട്രീസ് മുഖേന എല്ലാ വർഷവും ശേഖരിക്കുന്നത്. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ ഇൻഡസ്ട്രിയൽ സ്റ്റാറ്റിസ്റ്റിക്സ് വിംഗ് നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കളക്ഷൻ ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആക്ട് 2008-ഉം 2011-ലെയും ചട്ടങ്ങളും പ്രകാരമാണ് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് ഓരോ വർഷവും വകുപ്പിന് നൽകുന്ന സ്റ്റേറ്റ് സാമ്പിളുകളിൽ സംസ്ഥാനത്ത് സർവ്വെ നടത്തി വരുന്നത്. ടി സർവ്വെയിലൂടെ സ്ഥാപനത്തിന്റെ അതാത് സാമ്പത്തിക വർഷത്തിലെ ലാഭനഷ്ട കണക്കുകൾ, ബാലൻസ് ഷീറ്റ്, തൊഴിലവസര വിശദാംശം തുടങ്ങിയവ ശേഖരിച്ച് ഡാറ്റാ വിശകലനം നടത്തി സംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന ഫാക്ടറികളുടെ എണ്ണം, നിക്ഷേപ മൂലധനം, പ്രവർത്തന മൂലധനം, നിവേശം(Input), ഉത്പന്നം(Output), അറ്റ സ്ഥിര മൂലധന ശേഖരണം(Net Fixed Capital Formation), വർദ്ധമാന സ്ഥിരമൂലധന ശേഖരണം(Gross Fixed Capital Formation), കൂട്ടിചേർക്കപ്പെട്ട |

വർദ്ധമാന മൂല്യം(Gross Value Added), കൂട്ടിചേർക്കപ്പെട്ട അറ്റമൂല്യം(Net value added), അറ്റ വരുമാനം(Net Income), ലാഭം(Profit) എന്നിവയും കൂടാതെ ഫാക്ടറികളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം, വിനിയോഗിക്കപ്പെട്ട വ്യക്തിഗത തൊഴിൽദിനങ്ങൾ(Mandays employed), വിതരണം ചെയ്ത വേതന വിവരം(Emoluments paid) എന്നീ വിവരങ്ങൾ നിർണ്ണയിക്കുന്നു. കൂടാതെ നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് സംസ്ഥാനത്ത് സെൻട്രൽ സാമ്പിളുകളുടെ ഫീൽഡ് ഡാറ്റാ കളക്ഷൻ ചെയ്യുകയും അവയുടെ യൂണിറ്റ് ലെവൽ ഡേറ്റ അതാത് വർഷങ്ങളിൽ വകുപ്പിന് നൽകുകയും ചെയ്യുന്നു. സ്റ്റേറ്റ് സാമ്പിളും സെൻട്രൽ സാമ്പിളും സംയോജിപ്പിച്ച് സർവ്വേയുടെ സ്റ്റേറ്റ് ലെവൽ/ഡിസ്ട്രിക്ട് ലെവൽ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു.

(സി) ഏതെല്ലാം സ്ഥാപനങ്ങളും ഫാക്ടറികളു മാണ് പ്രസ്തുത സർവ്വേയുടെ പരിധിയിൽപ്പെടുന്നതെന്നും സർവ്വേയ്ക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകു ന്നത് ആരാണെന്നും അറിയിക്കാമോ ?

(സി) : ഫാക്ടറീസ് ആക്ട് 1948-ലെ സെക്ഷൻ 2m(i), 2m(ii) പ്രകാരം രജിസ്റ്റർ ചെയ്ത ഫാക്ടറികൾ, ബീഡി ആന്റ് സിഗാർ വർക്കേഴ്സ് ആക്ട് (Conditions of Employment) 1966 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകൾ, ഫാക്ടറീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാത്തതും കമ്പനീസ് ആക്ട് 1956, ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്-മെന്റ് ആക്ട്, സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് എന്നിവ പ്രകാരം രജിസ്റ്റർ ചെയ്തതും ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ രജിസ്റ്റർ ചെയ്തതും ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസിന്റെ ബിസിനസ്സ് രജിസ്റ്റർ ഓഫ് എസ്റ്റാബ്ലിഷ്-മെന്റിൽ ഉൾപ്പെട്ട നൂറോ അതിലധികമോ ജീവനക്കാരുള്ളതുമായ സ്ഥാപനങ്ങളാണ് സർവ്വെയുടെ പരിധിയിൽ ഉൾപ്പെടുന്നത്.

നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ ഇൻഡസ്ട്രിയൽ സ്റ്റാറ്റിസ്റ്റിക്സ് വിംഗാണ് സർവ്വെയ്ക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത്.

സെക്ഷൻ ഓഫീസർ.